"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്: 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിൽ (പ്ലാൻ) നിന്നും രണ്ടാംഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.37/2026/SJD തീയതി,തിരുവനന്തപുരം, 03-02-2026

---

പരാമർശം:-

1. 19.07.2025-ലെ സ. ഉ. (സാധാ) നമ്പർ. 196/2025/എസ്.ജെ.ഡി. ഉത്തരവ്
2. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ-ന്റെ 26.07.2025-ലെ 100/എ.7./2025/ഭി.ക്ഷേ.കോ നമ്പർ കത്ത്.
3. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 22.12.2025-ലെ കെ.എസ്.എച്ച്.പി.ഡബ്ല്യു.സി/520/2024-എ.5 നമ്പർ കത്ത്.
4. 23.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10292/2025/ധന സർക്കാർ ഉത്തരവ്
5. 29.12.2025-ലെ സ. ഉ. (സാധാ) നമ്പർ. 10400/2025/ധന സർക്കാർ ഉത്തരവ്

**ഉത്തരവ്**

2025-2026 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനയിൽ കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-പ്ലാൻ ശീർഷകത്തിൽ പദ്ധതിവിഹിതമായി 11,00,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ നിന്നും 3,85,00,000/- രൂപ ഒന്നാം ഗഡു തുകയായി പ്രസ്തുത കോർപ്പറേഷന് അനുവദിച്ച് കൊണ്ട് പരാമർശം 1-പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ശുഭയാത്ര എന്ന പദ്ധതിയിൻ കീഴിൽ 1333 പേർക്ക് മുച്ചക്ര വാഹനവും / സൈഡ് വീൽ സ്കൂട്ടർ (2016-വരെ ലഭിച്ച അപേക്ഷകൾക്ക്), 1098 പേർക്ക് ഇലക്ട്രോണിക് വീൽ ചെയറും (2019-വരെ ലഭിച്ച അപേക്ഷകൾക്ക്) 2025-2026 സാമ്പത്തികവർഷം നൽകുന്നതിന് മൊത്തം 15,00,00,000/-

രൂപ, 15,70,00,000/- രൂപ എന്നീ നിരക്കുകളിൽ തുക വേണ്ടി വരുമെന്നും, ആയതിനാൽ മേൽപറഞ്ഞ ശീർഷകത്തിൽ ഈ സാമ്പത്തിക വർഷം അധികമായി 31,00,00,000/- രൂപ കൂടി അധികമായി വകയിരുത്തണമെന്ന് അഭ്യർത്ഥിച്ച് കൊണ്ടുള്ള പ്രസ്തുത കോർപ്പറേഷൻ ചെയർപേഴ്സൺ പരാമശം 2-പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി. കൂടാതെ മേൽപറഞ്ഞ ശീർഷകത്തിൽ നീക്കിയിരുപ്പുള്ള തുകയിൽ നിന്ന് രണ്ടാം ഗഡു ധനസഹായമായി 3,00,00,000/- രൂപ പ്രസ്തുത കോർപ്പറേഷന് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം 3-പ്രകാരം പ്രസ്തുത കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. ആയതിനെ തുടർന്ന് ടി ശീർഷകത്തിൽ പരാമർശം 4, 5 സർക്കാർ ഉത്തരവുകൾ പ്രകാരം ഈ സാമ്പത്തിക വർഷം 23,15,00,000/- രൂപ, 70,00,000/- രൂപ എന്നീ ക്രമത്തിൽ മൊത്തം 23,85,00,000/- രൂപ അധികധനാനുമതിയായി വകയിരുത്തുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷം കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിനായി 2235-02-190-98-പ്ലാൻ ശീർഷകത്തിൽ നിലവിൽ ബാക്കിയുള്ള 7.15 കോടി രൂപയും പരാമർശം 4 പ്രകാരം അനുവദിച്ച 23.15 കോടി രൂപയും പരാമർശം 5 പ്രകാരം ആനുവദിച്ച 70 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 31,00,00,000/- രൂപ (മുപ്പത്തിയൊന്ന് കോടി രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി പ്രസ്തുത കോർപ്പറേഷന് അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 16/04/2018-ലെ സ ഉ (പി)62/18/ധന-യിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ (non interest bearing) മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

2) 09/12/2008-ലെ സർക്കുലർ നം.84/08/ധന-ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ.ഉ.(കൈ)നം.04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ)നം.93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

4) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ,

പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ഓഡിറ്റ്),

കേരളം, തിരുവനന്തപുരം

ധനകാര്യ (പി.യു-സി) വകുപ്പ് (30.12.2025-ലെ 3283880/പി.യു-സി.4/161/

2025/ധന പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,

വിവര പൊതുജന സമ്പർക്ക വകുപ്പ്,

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Vipin S D

Date: 03-02-2026 15:01:53

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ

പ്രൈവറ്റ് സെക്രട്ടറി